നാനോ ടെക്നോളജി

88 [3785] *ഡോ. തോമസ് ഐസക്:*
ശ്രീ. വി. ചെന്താമരാക്ഷൻ:
„ *പി. സി. ജോർജ്:*
„ *ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാനോ ടെക്നോളജി സിറ്റി സംസ്ഥാനത്ത് സ്ഥാപിക്കുന്നതു സംബന്ധിച്ച് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ; ഇതു സംബന്ധിച്ച് സമർപ്പിച്ച പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) വൈദ്യശാസ്ത്ര രംഗത്ത് നാനോ സാങ്കേതിക വിദ്യയുടെ അത്ഭുതകരമായ സാധ്യതകൾ കണക്കിലെടുത്ത് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) രണ്ട് മണിക്കൂർ കൊണ്ട് 99% കൃത്യതയോടെ മൂവായിരം രൂപയിൽ താഴെ ചെലവിൽ ഓരോ വ്യക്തിയുടെയും ജനിതക ഘടന ഒരു നാനോ ചിപ്പു വഴി നിഷ്പ്രയാസം കണ്ടെത്താം എന്ന യുവ ഡോക്ടർമാരുടെ നിഗമനങ്ങളുടെ ശാസ്ത്രീയ അടിത്തറയും, പ്രായോഗികതയും തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത സാങ്കേതിക വിദ്യ ഇപ്പോഴും ഈ രംഗത്ത് ഗവേഷണം ചെയ്യുന്നവരുടെ സ്വപ്നം ആണെന്നും, ഈ നേട്ടം കൈവരിക്കാൻ ഇനിയും നിരവധി ഗവേഷണങ്ങൾ നടത്തേണ്ടതാണെന്നുമുള്ള ശാസ്ത്രജ്ഞൻമാരുടെ വിലയിരുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ നാനോ ടെക്നോളജി സെന്റർ എന്ന ആശയം പ്രായോഗികമാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ശാസ്ത്രജ്ഞരുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ)—(ഇ) സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നാനോ ടെക്നോളജി സെന്ററിന് നേതൃത്വം നൽകുന്ന ശാസ്ത്രജ്ഞരോട് ഇതു സംബന്ധിച്ച് വിശദമായ പദ്ധതി രേഖ തയ്യാറാക്കി ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് മുഖാന്തിരം സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതകൾ സ്ഥിരീകരിച്ചതിനു ശേഷം മാത്രമേ സർക്കാർ ഇതു സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly